കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail : lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം. കെ.എസ് .എ.റ്റി.വി.എം.ജി.പി11/1690/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം.

തീയതി: 9.8.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 -ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1,2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ.റ്റി.വി.എം.ജി.പി.11 /1690 /2017

തീയതി: 9.8.2017

തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം,വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം,വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.9.2016 മുതൽ 30.6.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 11 എണ്ണം നൽകിയതിൽ 8 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ ജമാലുദ്ദീൻ.എ (ഡെപ്യൂട്ടി ഡയറക്ടർ)

ഓഡിറ്റിന് വിനിയോഗിച്ച സമയം : 10.07.2017മുതൽ 19.07.2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീമതി ജയലക്ഷ്മി.ആർ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ . പ്രേംനാഥ്. ജി. കെ (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി അനുലക്ഷ്മി.വി ( ഓഡിറ്റർ)

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി.ഉഷാകുമാരി അമ്മ 01-04-2016 മുതൽ 31.3.17 വരെ

ാസക്രട്ടറി : ശ്രീ. സായുർദേവൻ നായർ 01.4.2016മുതൽ 31.03.17 വരെ
ിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. മേരി ജിഷ | 01.09.2016 മുതൽ 31.3.2017വരെ |
| | ശ്രീ. ദിനാജ് എം.എൽ | 01.04.2016മുതൽ 31.08.2016വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ. ശ്രീജ എൻ.കെ | 01.04.2016മുതൽ 30.11.2016വരെ |
| | ഡോ. രമ എൽ. | 01.12.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. ഷീജ. വൈ.എം | 01.04.2016മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| (ആയുർവേദം) | | |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. രഘു രാജൻ | 01.04.2016മുതൽ 20.01.2017 വരെ |
| | ഡോ. ലീമ | 20.01.2017 മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. എസ്.ജയിംസ് | 01.04.2016മുതൽ31.03.2017വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. ബിന്ദു കുമാരി | 01.04.2016മുതൽ 31.03.2017 വരെ |
| വി.ഇ.ഒ I | ശ്രീ. അരുൺ കുമാർ | 01.04.2016മുതൽ 04.11.2016വരെ |
| | ശ്രീ. സമീർ ആർ.എസ് | 05.11.2016മുതൽ 26.11.2016 വരെ |
| | ശ്രീ. ഡോൺ | 27.11.2016മുതൽ 31.03.2017 വരെ |
| വി.ഇ.ഒ II | ശ്രീ. റഫീക്ക് | 01.04.2016മുതൽ 04.11.2016വരെ |
| | ശ്രീ. ഷാനി. | 05.11.2016മുതൽ31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ. ദീപ. വി. | 01.04.2016മുതൽ 31.3.2017 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.നബീസത്ത് ബീവി.GLPS, ആല്ലംമൂട്. | 01.04.2016മുതൽ 31.3.2017 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |

| | | | |
|---|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 2-1 | |
| 13 | പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന മൊത്തം സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. | 2-2 | |
| 14 | സ്ഥാപന /തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-3 | |
| 15 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല | 2-4 | |
| 16 | മാർക്കറ്റ്-ലേലം | 2-5 | |
| 17 | പഞ്ചായത്തിന്റെ അധീനതയിലുള്ള മാർക്കറ്റ് സ്റ്റാളിന്റെ വാടക ഈടാക്കുന്നില്ല. | 2-6 | |
| | ഭാഗം 3 | | |
| 18 | സാമൂഹ്യക്ഷേമ പെൻഷനുകൾ - DBT വഴി ട്രാൻസ്ഫർ ചെയ്ത തുക AFS ൽ ഉൾപ്പെടുത്തിയിട്ടില്ല. | 3-1 | |
| 19 | ദേശീയ തൊഴിലുറപ്പ് പദ്ധതി - EFMS, Admin തുകകൾ കൃത്യമായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 3-2 | |
| 20 | ഔഷധിയിൽ നിന്നും മരുന്ന വാങ്ങൽ-മുഴുവൻ തുകയ്ക്കും മരുന്ന ലഭ്യമായിട്ടില്ല. | 3-3 | |

| | | | |
|---|---|---|---|
| 21 | ഇ.എം.എസ് ഭവന പദ്ധതി വായ്പ തിരിച്ചടവ് - തൻവർഷം മുതലിനത്തിൽ തുക അടച്ചിട്ടില്ല | 3-4 | |
| 22 | ദേശീയ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-5 | |
| 23 | വരൾച്ച-ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള ചെലവ്-രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു. | 3-6 | |
| | ഭാഗം 4 | | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 29 | ഓഡിറ്റ് റിക്കവറി | 4-6 | |
| 30 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 21.03.2016ലെ (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 19,71,12,000/- രൂപ വരവും 19,14,94,000/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 7,64,77,267/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 6,14,09,455 /-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 31.07.2017 | | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| - | | |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 7754898

വരവ് : 68722369

ആകെ : 76477267

ചെലവ് : 61409455

നീക്കിയിരിപ്പ് : 15067812

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 12051136 | 12051136 | 12051136 | | |
| വികസനഫണ്ട് എസ്.സി.പി. | - | 6922335 | 6922335 | 6922335 | | |
| വികസനഫണ്ട് ടി.എസ്.പി. | - | 58269 | 58269 | 58269 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | - | 1933039 | 1933039 | 1933039 | | |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | - | 3555732 | 3555732 | 3555732 | 0 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 6213299 | 6213299 | 6213299 | | |
| പെർഫോമൻസ് ഗ്രാന്റ് | - | 2888213 | 2888213 | 2888213 | | |
| എ.എൻ.ആർ .ഇ. ജി.എസ് | 14922 | #22873892 EFMS)+ #1028538 (admin) | 23917352 | #22873892 (EFMS) + #1012232 (admin) | 31228 | |
| ബി ഫണ്ട്* | - | 697760 | 697760 | 697760 | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1769456 | 9572208 | 11341664 | 6355103 | 4986561 | |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | 10633 | - | 10633 | - | 10633 | 0 |
| ടോട്ടൽ സാനിറ്റേഷൻ | - | 170000 | - | 170000 | - | |

# ഖ.3.2ൽ വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

* ഇൻകം ആന്റ് എക്സ്പെൻഡിചർ സ്റ്റേറ്റ്മെന്റിൽ D B T ചെയ്ത തുക ഉൾപ്പെടുത്തിയിട്ടില്ല.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു:

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 140 | 66530622 | 97 | 41236540 | 39 | 4 | 69.28 |

പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കാർഷിക മേഖലയിലെ പദ്ധതികൾക്ക് തൻവർഷം കൂടുതൽ പ്രാധാന്യം നൽകിയിട്ടില്ല. പശ്ചാത്തല മേഖലയിലെ പദ്ധതികൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പ്രയോജനപ്പെടും വിധം നടപ്പിലാക്കേണ്ടതാണ്.

ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തിയും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും, അംഗീകാരം ലഭ്യമാകുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 1-7 തനതു വരുമാനം.

ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി വരുമാനങ്ങൾ കൃത്യമായും ഈടാക്കുന്നതിന് ഊന്നൽ നൽകേണ്ടതുണ്ട്. വിനോദ നികുതി, പരസ്യ നികുതി, മൊബൈൽ ടവറുകൾക്ക് വസ്തു നികുതി എന്നിവ ഈടാക്കിയും, ഡി&ഒ ലൈസൻസ് ഫീ കൃത്യമായി ഈടാക്കിയും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| വിനോദ നികുതി | 398269 | 783250 | 384981 | + |
| തൊഴിൽ നികുതി | 2481058 | 2724780 | 243722 | + |
| കെട്ടിട നികുതി | 2727033 | 3911583 | 1184550 | + |
| പരസ്യ നികുതി | 18100 | 19100 | 1000 | + |
| നികുതിയേതര വരവുകൾ | | | | |
| ലേലം | 2030500 | 1609200 | (-)421300 | - |

| | | | | |
|---|---|---|---|---|
| ഷോപ്പിംഗ് കോംപ്ളക്സ്. | 170882 | 196668 | 25786 | + |
| ഡി&ഒ ലൈസൻസ്. | 210105 | 168100 | 42005 | - |
| മറ്റ് വരവുകൾ. | 2083599 | 9220818 | 7137219 | + |
| ആകെ | 10119546 | 18632953 | | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 581760 | 692 |
| കർഷക തൊഴിലാളി പെൻഷൻ | 378000 | 126 |
| വിധവാപെൻഷൻ | 2448000 | 816 |
| വാർദ്ധക്യകാല പെൻഷൻ | 5065500 | 1538 |
| വികലാംഗ പെൻഷൻ | 728100 | 242 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 100000 | 4 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 36000 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.07.2017രാവിലെ 10.15 മണിക്ക് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9919/- രൂപ നീക്കിയിരിപ്പുള്ളതായി ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തൊഴിൽനികുതി രജിസ്റ്ററുകൾ, ട്രേഡ്സ് രജിസ്റ്ററുകൾ, തനതു വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ മുതലായവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. വരുമാനങ്ങളുടെ നിജസ്ഥിതി ഉറപ്പാക്കുന്നതിനും അവ വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത രജിസ്റ്ററുകൾ അനിവാര്യമാണ്.

ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് നിർമ്മാണ /മെയിന്റനൻസ് പണികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അനുസരിച്ച് മുൻഗണനാക്രമം പാലിച്ച് നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

നിർവ്വഹണ ഉദ്യോഗസ്ഥർ നിശ്ചിത മാതൃകയിലുള്ള ടി.ആർ. $7A$കാഷ്ബുക്ക് സൂക്ഷിക്കുന്നില്ല. ടി.ആർ. $7A$മാതൃകയിലുള്ള

കാഷ്ബുക്കിൽ, ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, പഞ്ചായത്തിൽ നിന്നുള്ള വരവ് ചെലവിന്റെയും വിവരം രേഖപ്പെടുത്തേണ്ടതും, പഞ്ചായത്തിൽ നിന്നുള്ള വരവ് ചെലവ് കണക്കുകൾ പ്രത്യേകം സബ്സിഡി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.05.2017 – 24.05.2017 | 01.12.2016 – 31.01.2017 | 04.04.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.02.2017- 08.03.2017 | 2011-12 to 2015-16 | 10.04.2017 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ഓഡിറ്റിനായി സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

വരവിനങ്ങളിലെ തുകകളിലെ വ്യത്യാസം

| ക്രമ നം | ഇനം | രജിസ്റ്റർ പ്രകാരമുള്ള വരവ് | AFS പ്രകാരമുള്ള വരവ് |
|---|---|---|---|
| 1 | തൊഴിൽ നികുതി (ജീവനക്കാരുടെ) | 2285390 | 2251790 |
| 2 | കെട്ടിട നികുതി (തൻവർഷം) | 2436019 | 2540506 |

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന മൊത്തം സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല.

2016-17 സാമ്പത്തിക വർഷത്തിലെ ഡി&ഒ ലൈസൻസ് അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, സെക്രട്ടറിയുടെ തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.കൂടാതെ പഞ്ചായത്ത് രേഖകൾ പ്രകാരം 1808 സ്ഥാപനങ്ങളാണ് വാണിജ്യ-വ്യവസായം ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് , എന്നാൽ ട്രേഡ്സ് രജിസ്റ്ററിൽ 688 സ്ഥാപനങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത് അതിൽ 440സ്ഥാപനങ്ങളാണ് 2016-17 വർഷം ലൈസൻസ് എടുത്തിരിക്കുന്നത് . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/19.7.17) മറുപടി ലഭ്യമായിട്ടില്ല.

പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന മൊത്തം സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 2-3 സ്ഥാപന നികുതി /തൊഴിൽനികുതി ഈടാക്കിയിട്ടില്ല

a) സ്ഥാപന നികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 4എന്നിവ അനുസരിച്ച് ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധവർഷവും തൊഴിൽനികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ ഒന്നാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽനികുതി ഈടാക്കാനവശേഷിക്കുന്നു:

b) ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടില്ലാത്തവ.

<table>
<tr><th>ക്രമ നം</th><th>ഉദ്യോഗ/സ്ഥാപനത്തിന്റെ പേര്</th><th>ജീവനക്കാരന്റെ പേര്</th><th>അർദ്ധവർഷ വേതനം</th><th>അർദ്ധ വർഷം</th><th>ഈടാക്കാനവശേഷിക്കുന്ന തുക</th></tr>
<tr><td>1</td><td>തോന്നൽ ദേവസ്വം</td><td colspan="4">ജീവനക്കാരാരും തന്നെ ഒന്നാം അർദ്ധവർഷം നികുതി ഒടുക്കിയിട്ടില്ല, രണ്ടാം വർഷത്തെ നികുതി ഒടുക്കിയിട്ടുണ്ട്.</td></tr>
<tr><td>2</td><td>ഡ്രൈവർ (അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്)</td><td>നിസാമുദ്ദീൻ.എ</td><td>105300</td><td rowspan="3">I,II അർദ്ധ വർഷം</td><td>2000</td></tr>
<tr><td>3</td><td>ശ്മശാന സൂക്ഷിപ്പുകാരൻ (അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്)</td><td>മുരളീധരൻ.ബി</td><td>21000</td><td>360</td></tr>
<tr><td>4</td><td>ലൈബ്രേറിയൻ</td><td>വേണുഗോപാലൻ നായർ</td><td>12300</td><td>240</td></tr>
<tr><td>5</td><td>അസിസ്റ്റന്റ് എൻജിനീയർ,എം എൻ ആർ ജി എസ്</td><td>ഷെൽസ കിങ്സിലിദാസ്</td><td>116150</td><td rowspan="3">രണ്ടാം അർദ്ധവർഷം</td><td>1000</td></tr>
<tr><td></td><td>ഓവർസിയർ</td><td>സുമിത്ര</td><td>94700</td><td>750</td></tr>
<tr><td>6</td><td>ഡാറ്റാഎൻട്രി ഓപ്പറേറ്റർ,എം എൻ ആർ ജി എസ്</td><td>മീന</td><td>88200</td><td>750</td></tr>
</table>

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, മേൽ സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 2-4 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല

ജി.ഒ.(ആർ.റ്റി.)നം. 19/2011 ത.സ്വഭ.വ. തീയതി 14.1.2011 പ്രകാരം ടെലഫോൺ ടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400 രൂപയും കൂടിയവസ്തുനികുതി 500രൂപയുമാണ്.എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന നിലവിലുള്ള 10മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പുനർ നിർണ്ണയിച്ചത് ഈടാക്കുന്നില്ല. പഞ്ചായത്തിൽ നിന്ന് ലഭ്യമായ രേഖകൾ പ്രകാരം ടവറുകളുടെയും പുനർ നിർണ്ണയിച്ച വസ്തുനികുതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | മൊബൈൽ ടവർ | വാർഡ് നം./ കെട്ടിട നം. | വിസ്തീർണ്ണം (ച.മീറ്ററിൽ) | പുനർ നിർണ്ണയിച്ച നികുതി(ലൈബ്രറി സെസ്സ് ഉൾപ്പെടെ) | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| 1 | മാനേജർ, ഇൻഡസ് ടവേഴ്സ് | 3/707 | 22 | 13200 | 2013-14 മുതൽ |
| 2 | ഡെപ്യൂട്ടി ജനറൽ മാനേജർ, കമ്മ്യൂണിക്കേഷൻ ടവർ | 8/182 | 25.49 | 11471 | 2015-16രണ്ടാം അർദ്ധവർഷം മുതൽ |
| 3 | സർക്കിൾ മാനേജർ, ടവർ വിഷൻ | 9/637 | 9.25 | 4163 | 2015-16 |
| 4 | ശ്രീജിത്ത് പിള്ള, ടവർ വിഷൻ | 10/629 | 15 | 9000 | 2013-14 മുതൽ |
| 5 | BSNL മൊബൈൽ | 10/733 | 15 | 9000 | 2013-14 മുതൽ |
| 6 | ടവർ റിലയൻസ് | 11/467 | 12 | 5400 | 2013-14 മുതൽ |
| 7 | മാനേജർ,TATA ടെലിസർവ്വീസ് | 12/696 | 12 | 5400 | 2013-14 മുതൽ |
| 8 | ഡെപ്യൂട്ടി ജനറൽ മാനേജർ, ഇൻഡസ് ടവേഴ്സ് | 12/715 | 7 | 4200 | 2013-14 മുതൽ |
| 9 | ഭാരത് ഇൻഫ്ര ടെലി ലിമിറ്റഡ് | 17/245 | 12 | 6600 | 2013-14 മുതൽ |
| 10 | മാനേജർ, ഭാരത് ഇൻഫ്ര ടെലി ലിമിറ്റഡ് | 17/460 | 26 | 15600 | 2013-14 മുതൽ |

മൊബൈൽ ടവറുകളുടെ അനുബന്ധ ഡി.ജി. റൂം, ഷെൽറ്റർ എന്നിവയുടെ പ്ലിന്ത് ഏരിയ വസ്തുനികുതി കണക്കാക്കിയതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ച് 2013-14 മുതലുള്ള വസ്തുനികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതാണ്.

## 2-5 മാർക്കറ്റ്-ലേലം

ലേല രജിസ്റ്റർ, ലേലഡയറി എന്നിവയിൽ വിവരങ്ങൾ പൂർണമായി ഉൾപ്പെടുത്തിയിട്ടില്ല, കൂടാതെ ലേലം കൈകൊണ്ട വ്യക്തികളുമായി മുദ്രപത്രത്തിൽ കരാർ വയ്ക്കണമെന്ന് ലേല നിബന്ധനയിൽ വ്യക്തമാക്കിയിട്ടുണ്ട് എന്നാൽ പഞ്ചായത്തിൽ മുദ്രപത്രം സൂക്ഷിച്ചിട്ടുണ്ടെങ്കിലും കരാർ ചമച്ചിട്ടില്ല. മാർക്കറ്റ് വരവിൽ മുൻവർഷത്തേക്കാൾ 4,21,300/- രൂപയുടെ കുറവും ഉണ്ടായിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 പഞ്ചായത്തിന്റെ അധീനതയിലുള്ള മാർക്കറ്റ് സ്റ്റാളിന്റെ വാടക ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളിൽ വാടകകുടിശ്ശിക വരുത്തിയ കടമുറിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് / കെട്ടിട നം | പേര് | പ്രതിമാസ നികുതി | കുടിശ്ശിക |
|---|---|---|---|---|
| 1 | 10/488 | ഷിബു, പുവൽ പുത്തൻവീട് | 1000 | ഡിസംബർ 2016 മുതൽ |

ശ്രീ.ഷിബു, പുവൽ പുത്തൻവീട് എന്നയാളുമായി ഏർപ്പെട്ട കരാർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/19.7.2017) വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സാമൂഹ്യക്ഷേമ പെൻഷനുകൾ - DBT വഴി ട്രാൻസ്ഫർ ചെയ്ത തുക AFS ൽ ഉൾപ്പെടുത്തിയിട്ടില്ല.

സാമൂഹ്യക്ഷേമ പെൻഷനുകളിൽ തൊഴിലില്ലായ്മ വേതനം, വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം എന്നിവ പഞ്ചായത്ത് വഴി നേരിട്ടും, മറ്റ് പെൻഷനുകളായ വാർധക്യകാല പെൻഷൻ, അഗതികൾക്കുള്ള പെൻഷൻ, വികലാംഗ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ എന്നിവ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് DBT വഴി നേരിട്ട് തുക കൈമാറുകയാണ് ചെയ്യുന്നത്. 2016-17 വർഷത്തിൽ ഇപ്രകാരം 86,55,600/- രൂപ DBT വഴി തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഇൻകം ആൻറ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ അതിനനുസൃതമായി 8655600/- രൂപയുടെ വ്യത്യാസം വരുന്നു.

## 3-2 ദേശീയ തൊഴിലുറപ്പ് പദ്ധതി - EFMS, Admin തുകകൾ കൃത്യമായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

രേഖകളുടെ പരിശോധനയിൽ NREGS പദ്ധതിയ്ക്കായി പഞ്ചായത്തിന് തൻവർഷം 2,28,73,892/- രൂപ EFMS വഴി ലഭിക്കുകയും, Admin വരവായി 10,28,538/- രൂപ ലഭ്യമാക്കുകയും 1012232/- രൂപ ചെലവഴിക്കുകയും (RP-16) ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ I-6, I-14(a) എന്നിവയിലെ (EFMS + Admin) വരവ്, ചെലവ് 2,51,22,347/- എന്നും, രസീപ്റ്റ് ആന്റ് പേമെന്റ്

പത്രികയിലെ RP 31 Admin വരവ് 9,81,208/- RP-16 ചെലവ് 964902/- എന്നമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് യഥാക്രമം 2,39,02,430/-, 10,28,538/- 10,12,232/-രൂപ എന്നിങ്ങനെയാണ്.

## 3-3 ഔഷധിയിൽ നിന്നും മരുന്നു വാങ്ങൽ-മുഴുവൻ തുകയ്ക്കും മരുന്നു ലഭ്യമായിട്ടില്ല.

2016-17 സാമ്പത്തിക വർഷം ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ മരുന്നു വാങ്ങൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ഔഷധിയിൽ അടവാക്കിയ മുഴുവൻ തുകയ്ക്കും മരുന്നു ലഭ്യമായിട്ടില്ല.

| ക്രമ നം | പ്രോജക്ടിന്റെ പേര്/നം | ഔഷധിയിൽ അടച്ച തുക | ലഭിക്കേണ്ട മരുന്നിന്റെ തുക |
|---|---|---|---|
| 1 | പ്രമേഹ ചികിൽസാ പദ്ധതി (39/17) | 100000 | 7036 |
| 2 | ആയുർവേദ ഡിസ്പൻസറിക്ക് മരുന്നു വാങ്ങൽ(38/17) | 400000 | 22596 |
| 3 | മുതിർന്ന പൗരൻമാരുടെ ആരോഗ്യ സംരക്ഷണം(40/17) | 200000 | 22634 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.1/17.07.2017) ഔഷധങ്ങളുടെ കുറവ് മൂലമാണ് മരുന്ന് ലഭ്യമാകാൻ കാലതാമസമുണ്ടായതെന്നും അടിയന്തിരമായി മരുന്ന് എത്തിക്കാമെന്ന് ഔഷധിയിൽ നിന്ന് അറിയിച്ചിട്ടുള്ളതായും മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 ഇ.എം.എസ് ഭവന പദ്ധതി വായ്പ തിരിച്ചടവ് - തൻവർഷം മുതലിനത്തിൽ തുക അടച്ചിട്ടില്ല

വാർഷിക ധനകാര്യപത്രിക പ്രകാരം തൻവർഷം ഇ.എം.എസ് ഭവന പദ്ധതി വായ്പ തിരിച്ചടവിനത്തിൽ തുക ഒടുക്കിയിട്ടില്ല. 2010-11 വർഷം 6,61,600/- രൂപ മുതലിനത്തിൽ തിരിച്ചടച്ചിരുന്നുവെങ്കിലും, ബാങ്കിൽ 5,29,140/- രൂപ മുതലിനത്തിൽ വരവ് വെയ്ക്കുകയും, ബാക്കി പലിശയിനത്തിൽ ചേർക്കുകയുമാണുണ്ടായത്. അടയ്ക്കേണ്ട തുകയായി 79,860/- രൂപയാണ് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നിലവിൽ കാണിച്ചിരിക്കുന്നത്. മേല്പറഞ്ഞ അപാകത പരിഹരിക്കുമ്പോൾ പഞ്ചായത്തിന് 52,000/- രൂപ തിരികെ ലഭിക്കേണ്ടതുണ്ട്. ആയതിനാൽ ബാങ്കിൽ നിന്നും അപാകത പരിഹരിക്കുന്നത് വരെ മുതലിനത്തിൽ തുക ഒടുക്കിയിട്ടില്ല.

## 3-5 ദേശീയ തൊഴിലുറപ്പ് പദ്ധതി അവലോകനം

2016-17വർഷം അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വിശദാംശം ചുവടെ.

തൊഴിലിന് രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ : 4011

തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങൾ : 4011

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ : 1860

100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങൾ : 38

നിർവ്വഹിച്ച പദ്ധതികൾ : 268

നിർവ്വഹിച്ച പദ്ധതികൾ തരം തിരിച്ച്

ഭൂവികസനം - 175

തോട്- നീർച്ചാൽ വൃത്തിയാക്കൽ - 22

മഴക്കുഴിനിർമ്മാണം - 46

ബി.പി.എൽ. ഭൂവികസനം - 25

## 3-6 വരൾച്ച-ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള ചെലവ്-രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം - S0162/2017

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 5,00,000/-

ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെട്ട ,റവന്യൂ വിഭാഗം കുടിവെള്ള വിതരണം നടത്താൻ സാധ്യതയില്ലാത്ത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്താനാണ് പ്രോജക്ട് ലക്ഷ്യം വെച്ചത്. 89404/-രൂപ പ്രോജക്ടിലൂടെ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുക, രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പട്ടികജാതി കോളനികളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 007600 (തനത് ഫണ്ട്- 13733രൂപ) | 640456 | 640456 | - |
| KWA | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 007601 (തനത് ഫണ്ട് - 111557 രൂപ) | 990000 | 990000 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം./ ചെക്ക് നം. | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് നം./ | വായ്പ | വർഷാരംഭത്തിൽ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | തിയതി | തുക | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണം | സ.ഉ.(സാധാ) നം. 727/ 2010/ തസ്വഭവ , തീയതി 27.05.2010 | 667500 | 79860 | * | 261208 | ** |

*തൻ വർഷം മുതലിനത്തിൽ തുക ഒടുക്കിയിട്ടില്ല.

** ഖണ്ഡിക 3.4 - കാണുക

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രസീത് നം/തിയതി |
|---|---|---|---|---|
| 2006-07 | 3.11 | 1350 | വൽസല | 11604100933 dtd 24.10.16 |
| 2006-07 | 3.11 | 1350 | എസ്.ഗോപകുമാർ | 11610103898 dtd 06.01.2017 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 76477267 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 61409455 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 89404 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 89404 | ശ്രീ.സായൂർദേവൻ നായർ,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സായൂർദേവൻ നായർ, സെക്രട്ടറി | സെക്രട്ടറി,<br>അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് | വിഘ്നേശ്വര,<br>കുനംകുളം ലൈൻ,<br>മെഡിക്കൽ കോളേജ് (പി.ഒ.)<br>തിരുവനന്തപുരം. 695011 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.റ്റി.ഡി.ജി.പി.11/1306/14 23-6-14 | 3 |
| 2000-2001 | എൽ.എഫ്.റ്റി.ഡി.ജി.പി.7/853/2003 23-6-14 | 10 |

| | | |
|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.11/249/03, 23-6-14 | 1 |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.11/1258/2003, 23-6-14 | 1 |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.11/1597/2005, 23-6-14 | 9 |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.11/89/2007, 23-6-14 | 1 |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.11/1531/2008, 2-4-12 | 8 |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.7/1534/2008 ,10-1-14 | 7 |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.11/911/10, 5-8-14 | 12 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.11/912/10, 1-3-13 | 10 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.11/648/12, 11-9-12 | 12 |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.11/649/12, 6-1-15 | 10 |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.11/748/13, 7-6-14 | 19 |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.11/2562/13, 13-1-15 | 13 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1098/,15 1.09.15 | 12 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1288/16 28-7-2016 | 14 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1891/2016,5.11.2016 | 12 |

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

*ബിഎൽ.* ***17/8/2017***

# <u>അനുബന്ധം 1</u>

# ഓഡിറ്റ് സാക്ഷ്യപത്രം

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോള ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2016-17 -ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം

1. ഭാഗം 2,ഖണ്ഡിക 2-1, ഭാഗം 3, ഖണ്ഡിക 3-1,3-2 എന്നിവയിൽ പ്രതിപാദിക്കുന്ന അപാകതകൾ
2. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം കൃത്യമായി നിർണ്ണയിച്ച് വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. സ്റ്റോക്ക് & സ്റ്റോഴ്സ് മൂല്യധിഷ്ഠിതമായി തയ്യാറാക്കി വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്